കൂടുതൽ വരുന്ന തുകയ്ക്ക് മിനിമം ഗ്യാരണ്ടി വ്യവസ്ഥയുണ്ട്. ഒന്നിൽ കൂടുതൽ ഗുണഭോക്താക്കൾ ആണ് താല്ക്കാലിക മിനിമം ഗ്യാരണ്ടി വ്യവസ്ഥ വെക്കുന്നതെങ്കിൽ 20,000 രൂപ കുറച്ച് ബാക്കി തുകയ്ക്ക് മാത്രം മിനിമം ഗ്യാരണ്ടി വെച്ചാൽ മതി. മിനിമം ഗ്യാരണ്ടി വ്യവസ്ഥയിൽ ഒപ്പുവെച്ചവരിൽ അമ്പതു ശതമാനത്തിൽ കുറയാത്ത ഉപഭോക്താക്കൾ പമ്പ്സെറ്റ് സ്ഥാപിച്ചു കഴിഞ്ഞാൽ മിനിമം ഗ്യാരണ്ടി ജോലി പൂർത്തിയാക്കി കണക്ഷൻ നൽകുന്നതുമാണ്.

(സി) നിലവിലുള്ള വ്യവസ്ഥകളിൽ ഭേദഗതി ആവശ്യമാണെന്ന് കരുതുന്നില്ല.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

(ഇ) ചെറുകിട കൃഷിക്കനുയോജ്യമായ യന്ത്രവൽക്കരണവും കാർഷിക എൻജിനീയറിംഗ് സേവനവും എന്ന പദ്ധതി വഴി ട്രാക്ടുകൾ, ടില്ലറുകൾ, മെതിയന്ത്രം എന്നിവ കർഷക സമിതികൾക്ക് ധനസഹായം നൽകി ലഭ്യമാക്കുന്നുണ്ട്. കാർഷിക മേഖലയിൽ യന്ത്രവൽക്കരണം എന്ന പദ്ധതിയനുസരിച്ച് ചെറുകിട കർഷകർക്ക് ട്രാക്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിക്കുന്നതിന് വിലയുടെ മൂന്നിലൊന്നോ പരമാവധി 30,000 രൂപയോ നൽകുന്നുണ്ട്. സംയോജിത നെൽക്കൃഷി വികസന പദ്ധതി വഴിയും ടില്ലറുകൾ വിതരണം ചെയ്യുന്നുണ്ട്.

115 (1847) കേരഫെഡിന്റെ പ്രവർത്തനം

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u> :
<u>ശ്രീ. എം. ദാസൻ</u> :
<u>ശ്രീ. പിരപ്പൻകോട് മുരളി</u> :
<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> ;
<u>ശ്രീ. പി.കെ. കുമാരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരഫെഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ബി) കേരഫെഡിന്റെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കേരോൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന് കേരഫെഡ് പുതിയ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) കേരഫെഡിന്റെ പ്രവർത്തനം ലാഭത്തിലാക്കാൻ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) നാളികേര കൃഷിവികസനം, ഉൽപ്പാദനം, കേര കർഷകർക്കു പരിശീലനം, അംഗസംഘങ്ങൾക്ക് പരിശീലനം, അംഗസംഘങ്ങളുടെ വികസന പ്രവർത്തനം, പുതിയ അംഗസംഘങ്ങളുടെ രജിസ്ട്രേഷൻ, അവയ്ക്ക് പ്രവർത്തന മൂലധനം നൽകുക, പ്രവർത്തന സൗകര്യങ്ങൾ വികസിപ്പിക്കുക,

LIBRARY ARCHIVES Kerala Legislative Assembly

കൊപ്രാ സംഭരണം, സംസ്കരണം, വെളിച്ചെണ്ണ വിപണനം മുതലായവ യാണ് കേരഫെഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ.

(ബി) കേരഫെഡിന്റെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരി ക്കേണ്ടതുണ്ടെന്ന് കരുതുന്നു. കേരഫെഡിന്റെ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത് കൊപ്രാ സംസ്കരണവും, വെളിച്ചെണ്ണയുടെ വിപണനവും മാത്രമായിരുന്നു. എന്നാൽ കേരഫെഡ് നാളികേരത്തിൽ നിന്നുള്ള മറ്റ് ഉൽപ്പ ന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനെ കുറിച്ച് ആലോചിക്കുകയും അതുമായി ബന്ധപ്പെട്ട പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങുകയും ചെയ്തു. 'കേരകേശ്' എന്ന നാമധേയത്തിൽ ആയൂർവേദിക് ഹെയർ ഓയിൽ വിപണിയിൽ ഇറക്കി കഴിഞ്ഞു.

(സി) & (ഡി) നാളികേരം ഉപയോഗിച്ച് വൈവിധ്യവൽക്കരണ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. നാളികേരത്തിൽനിന്നും ഡെസിക്കേറ്റഡ് കോക്കനട്ട്, കോക്കനട്ട് മിൽക്ക്, കോക്കനട്ട് ക്രീം, കുപ്പിയിൽ നിറച്ച ഇളനീർ, കോക്കനട്ട് ഷെൽപൗഡർ, കോക്കനട്ട് ഫൈബർ ബോർഡ്, കോക്കനട്ട് കയർ മാറ്റ് എന്നീ ഉൽപ്പന്നങ്ങളെക്കുറിച്ച് വിശദമായ മാർക്കറ്റ് സ്റ്റഡി നടത്തുന്നതിനും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും വേണ്ടി എ. എഫ്. ഫർഗുസൻ ആന്റ് കമ്പനി, മദ്രാസ് എന്ന സ്ഥാപനത്തെ ചുമതലപ്പെടു ത്തിയിട്ടുണ്ട്. മാർക്കറ്റ് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ കോക്കനട്ട് ക്രീം, കോക്കനട്ട് മിൽക്ക്, ഡെസിക്കേറ്റഡ് കോക്കനട്ട് എന്നീ നാളികേരാധിഷ്ഠിത ആഹാര ഉൽപ്പന്നങ്ങൾക്കും ചകിരിയിൽ നിന്നുള്ള ജിയോ ടെക്സ്റ്റയിൽസ്, ബ്രികെറ്റ്സ് (BRIQUETTES) തുടങ്ങിയ വ്യാവസായിക ഉൽപ്പന്നങ്ങൾക്കും വിദേശ വിപണിയിൽ വിപണന സാധ്യത ഉണ്ടെന്ന് തെളിഞ്ഞിട്ടുണ്ട്. ഇതി നുള്ള സാങ്കേതിക വിദ്യ വിദേശ രാജ്യങ്ങളിൽ നിന്നും ലഭിക്കുന്നതിനും മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണിയിൽ 'ബൈ ബാക്ക്' വ്യവസ്ഥ പ്രകാരം വിൽക്കുന്നതിനും വേണ്ടി തയ്യാറുള്ള ഏജൻസികളെ കണ്ടെത്തുന്ന തിനും, മാവേലി അസ്സോസിയേറ്റ്സ് എന്ന കൺസൾട്ടന്റ്സിനെ ചുമതലപ്പെടു ത്തിയിട്ടുണ്ട്. അവർ നടത്തിയ അന്വേഷണത്തിൽ ഫ്രാൻസിലുള്ള സംഘം, പിൻഗാട്ട് എന്നീ സ്ഥാപനങ്ങൾ നാളികേരാധിഷ്ഠിത വ്യവസായത്തിനുള്ള സാങ്കേതിക വിദ്യ ലഭ്യമാക്കാമെന്നും മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങൾ വിദേശ വിപണിയിൽ വിപണനം നടത്താമെന്നും താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. വിശദ മായ പ്രോജക്ട് റിപ്പോർട്ട് ബോർഡ് അംഗീകരിക്കുന്ന മുറയ്ക്ക് ആഗോളതല ത്തിൽ സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിനും പകരം ഉൽപ്പന്നങ്ങൾ വിദേശ വിപണിയിൽ വിപണനം നടത്തുന്നതിനും തക്കതായ സ്ഥാപനങ്ങളെ കണ്ടു പിടിക്കുന്നതാണ്. ഇക്കൊല്ലം തന്നെ ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തന ങ്ങൾ തുടങ്ങി പതിനെട്ട് മാസം കൊണ്ട് പൂർത്തിയാക്കാനാണ് പരിപാടി. ആഹാരാധിഷ്ഠിതമായ നാളികേരോൽപ്പന്നങ്ങളുടെ ഫാക്ടറി കോഴിക്കോട് ജില്ലയിൽ നടുവണ്ണൂരിൽ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഇ) കേരഫെഡിന്റെ പ്രവർത്തനം കഴിഞ്ഞ മൂന്നു കൊല്ലമായി ലാഭ ത്തിലാണ്.

116 (1848) നെല്ലുല്പാദനം

<u>ശ്രീമതി കെ.ആർ. ഗൗരിയമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly